**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1552**

**05-02-2019-ൽ മറുപടിക്ക്**

## പാടശേഖര വികസന പദ്ധതി

**ചോദ്യം**
**ശ്രീ. അനൂപ് ജേക്കബ്**

**മറുപടി**
**ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പിറവം നിയോജകമണ്ഡലത്തിൽ നിലവിൽ ഏതൊക്കെ പാടശേഖര വികസന പദ്ധതികളാണ് കെ.എൽ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ; | (എ) | നബാർഡ് ആർ.ഐ.ഡി.എഫ് സ്കീമിലുൾപ്പെടുത്തി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന താഴെ പറയുന്ന പദ്ധതികൾ പിറവം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നു.<br>1. തോട്ടറപുഞ്ച-ഇടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തിലെ കൈപ്പട്ടൂർ പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ - നബാർഡ് ആർ.ഐ.ഡി.എഫ്-XX<br>2. തോട്ടറപുഞ്ച-ഇടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തിലെ നടയ്ക്കകം പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ - നബാർഡ് ആർ.ഐ.ഡി.എഫ്-XX<br>3. തോട്ടറപുഞ്ച-ഇടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തിലെ അയ്യംകുന്നം പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ - നബാർഡ് ആർ.ഐ.ഡി.എഫ്-XX<br>4. എറണാകുളം ജില്ലയിലെ ഇലഞ്ഞി പഞ്ചായത്തിലെ ചന്തത്തോടിന്റെ നവീകരണ പ്രവർത്തനങ്ങൾ -നബാർഡ് ആർ.ഐ.ഡി.എഫ്-XXII |
| (ബി) | രാമമംഗലം പാമ്പൂരിച്ചാൽ പാടശേഖര വികസനത്തിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിയ്ക്കുമോ? | (ബി) | പാമ്പൂരിച്ചാൽ പാടശേഖര വികസനത്തിനായി 9.35 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ ആർ.ഐ.ഡി.എഫ്-XXIII സ്കീമിലുൾപ്പെടുത്തു ന്നതിലേയ്ക്കായി സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത ട്രാഞ്ചെയിൽ കൃഷി വകുപ്പിലെ പദ്ധതികൾക്കൊന്നും നബാർഡിൽ നിന്നും അംഗീകാരം ലഭിച്ചില്ല. മേൽ പാടശേഖര വികസനത്തിനായി നിവേദനം ലഭിക്കുന്ന പക്ഷം ആർ.ഐ.ഡി.എഫ് XXV-ൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ